# നിങ്ങളുടെ മനസ്സിലുള്ള സാത്താൻറെ കോട്ടകളെ തകർക്കുക.

സാക് പുന്നൻ

WFTW 10 ഫെബ്രുവരി 2012

ഗോലിയാത്ത് യിസ്രായേലിനെ ഭീഷണിപ്പെടുത്തുന്നത് കണ്ടപ്പോൾ ദൈവ മഹത്വത്തെയും ദൈവ ജനത്തിൻറെ അഭിമാനത്തെയും സംബന്ധിച്ച് ദാവീദിനുണ്ടായ തീവ്ര വികാരം ശ്രദ്ധിക്കുക,'ജീവനുള്ള ദൈവത്തിൻറെ സേനകളെ നിന്ദിക്കുവാൻ ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ആർ?' എന്ന് പറഞ്ഞു (1ശമുവേൽ17:26). യിസ്രായേൽ ജനം മരുഭൂമിയിൽ ഉഴന്നു നടന്ന തങ്ങളുടെ പൂർവ്വപിതാക്കന്മാരെപ്പോലെ അവിശ്വാസികളായിരുന്നപ്പോൾ യോശുവായുടെയും കാലേബിൻറെയും കൂടെയിരുന്ന് ദൈവം അനാക്യമല്ലന്മാരോട് ചെയ്തത് ദാവീദ് അറിഞ്ഞിരുന്നു. അതുകൊണ്ടാണ് ഗോലിയാത്തിനെ നേരിടുവാൻ അവൻ സ്വയം മുന്നോട്ടു വന്നത്.

ശൌൽ ദാവീദിനെ പരിഹസിച്ചു ചിരിച്ചുകൊണ്ട്; അവൻ കേവലം ഒരു ബാലനാണെന്നു പറഞ്ഞപ്പോൾ (ദാവീദിന് അപ്പോൾ ഒരു പക്ഷെ 17 വയസ്സായിരുന്നിരിക്കാം പ്രായം) ദാവീദ് ശൌലിനോട് തൻറെ സ്വകാര്യ ജീവിതത്തിലെ ചില സംഭവങ്ങൾ ഇതുവരെ തൻറെ മാതാപിതാക്കളോടടക്കം ആരോടും പറയാത്തത് പറഞ്ഞു. അവൻ ശൌലിനോട്, 'അടിയൻ അപ്പൻറെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും, ഒരിക്കൽ ഒരു കരടിയും വന്നു കൂട്ടത്തിൽ നിന്ന് ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്ന് അതിനെ അടിച്ചു അതിൻറെ വായിൽനിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു. അത് എൻറെ നേരെ വന്നപ്പോൾ ഞാൻ അതിൻറെ താടിക്ക് പിടിച്ച് അടിച്ചു കൊന്നു. ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയേയും കൊന്നു (1ശമുവേൽ 17:3436). ശിംശോൻറെ മേൽ ആത്മാവ് വന്നപ്പോൾ അവനെന്താണ് ചെയ്തതെന്ന് ദാവീദ് അറിഞ്ഞിരുന്നു. അതിനാൽ ശമുവേൽ തന്നെ അഭിഷേകം ചെയ്തതിനു ശേഷം, ദൈവം ശിംശോനെ സഹായിച്ചതുപോലെ തന്നെയും സഹായിക്കും എന്ന് ദാവീദിന് അറിയാമായിരുന്നു. ദൈവം അങ്ങനെ തന്നെ ചെയ്തു.

ഒരു കുഞ്ഞാടിൻറെ ജീവൻ രക്ഷിക്കുവാൻ ഒരു സിംഹത്തിൻറെ പുറകെ യിസ്രായേലിലെ എത്ര ഇടയന്മാർ പോകും? തൻറെ ആട്ടിൻകൂട്ടത്തിലെ ഒരു കുഞ്ഞാടിനോട് പോലുമുള്ള ദാവീദിൻറെ കരുതൽ ദൈവം കണ്ടു. അതിനാലാണ് അവിടുന്ന് ദാവീദിനെ യിസ്രായേലിൻറെ ഇടയൻ ആക്കിയത്. സാത്താൻ ബലഹീനനായ ഒരു സഹോദരനെ പിടിക്കുമ്പോൾ, ഇടയൻറെ ചുമതലയാണ് സാത്താൻറെ പുറകെ പോയി ആത്മീയ പോരാട്ടത്തിലൂടെ ആ സഹോദരനെ സാത്താൻറെ പിടിയിൽനിന്നും രക്ഷിക്കുക എന്നത്. അങ്ങനെയുള്ള ഇടയന്മാരെയാണ് ദൈവം ഇന്നും അന്വേഷിക്കുന്നത്.

ഗോലിയാത്തിനെ പരസ്യമായി നേരിടുന്നതിനു മുമ്പ് ആദ്യം നമ്മുടെ സ്വകാര്യ ജീവിതത്തിലെ ശത്രുക്കളെ കൊല്ലണം. എന്നുകൂടി ഈ കഥ നമ്മെ പഠിപ്പിക്കുന്നു. നിങ്ങളുടെ സ്വകാര്യ ജീവിതത്തിൽ വരുന്ന സിംഹത്തെയും കരടിയേയും തോൽപ്പിച്ചില്ലെങ്കിൽ പരസ്യമായി ഒരു ഗോലിയാത്തിനെ നേരിടുവാൻ ദൈവം നിങ്ങളെ വിളിക്കുമെന്ന് ചിന്തിക്കരുത്. സാത്താൻറെ കോട്ടകളെ തകർക്കുന്ന പരസ്യ ശുശ്രൂഷ പലരും ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അവർ ആദ്യം സ്വന്തം മനസ്സിലുള്ള സാത്താൻറെ കോട്ടകളെ തകർത്തു തുടങ്ങണം. സ്വകാര്യ ജീവിതത്തിൽ ദൈവ നാമത്തെകുറിച്ചും തനിക്കു ചുറ്റുമുള്ള എളിയവരെ കുറിച്ചും ഒരു വിചാരം അവരിൽ ഉണ്ടാകണം.

ഗോലിയാത്തിൽ നിന്ന് അൽപമെങ്കിലും സംരക്ഷണം ലഭിക്കേണ്ടതിനു തൻറെ പടച്ചട്ടയെങ്കിലും അണിയാൻ ശൌൽ ദാവീദിനോട് പറഞ്ഞു. ശൌലിൻറെ പടച്ചട്ടയിലോ അതോ സർവ്വശക്തനായ ദൈവത്തിലോ ദാവീദ് ആശ്രയിച്ചത്? ഒടുവിൽ ദാവീദ് അതെല്ലാം ഊരിമാറ്റിയതിനുശേഷം ദൈവത്തിൽ ആശ്രയിച്ചു മുന്നോട്ടു പോയി. അവൻ ഗോലിയാത്തിനോട് പറഞ്ഞു, 'നീ വാളും കുന്തവും വേലുമായി എൻറെ നേരെ വരുന്നു. ഞാനോ നീ

നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിൽ നിൻറെ നേരെ വരുന്നു' (വാക്യം 45). അങ്ങനെ അവൻ ഒറ്റ കല്ലുകൊണ്ട് ഗോലിയാത്തിനെ കൊന്നു, ഗോലിയാത്തിൻറെ തന്നെ വാളുകൊണ്ട് അവൻറെ തല അറക്കുകയും ചെയ്തു.

ഇങ്ങനെയാണ് നാം സാത്താനെതിരെ ഇന്നും പോരാടേണ്ടത്. ദൈവം സാത്താനെ അവൻറെ തന്നെ ആയുധങ്ങൾ (ഗോലിയാത്തിൻറെ സ്വന്തം വാളുപോലെ) ഉപയോഗിച്ച് നശിപ്പിക്കും. 'മരണത്തിൻറെ അധികാരിയായ പിശാചിനെ തൻറെ മരണത്താൽ നീക്കി'...(എബ്രായർ 2:14). ഒരിക്കൽ ഗോലിയാത്ത് കൊല്ലപ്പെട്ടു കഴിഞ്ഞപ്പോൾ മറ്റു ഫെലിസ്ത്യർ ഓടിപ്പോയി (1ശമുവേൽ 17:51). നമ്മുടെ ജീവിതത്തിലെ ഏറ്റവും കരുത്തനായ പാപത്തെ നശിപ്പിച്ചു കഴിഞ്ഞാൽ (നമ്മെ മുറുകെ പറ്റുന്ന പാപം എബ്രായർ 12:1) മറ്റു പാപങ്ങളെയും നമ്മുടെ ജീവിതത്തിൽ ജയിക്കാൻ കഴിയും എന്നാണു ഇത് പഠിപ്പിക്കുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)